പതിമൂന്നാം കേരള നിയമസഭ

പത്താംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 176 — 22.01.2014ൽ മറുപടിയ്ക്ക്

## പേപ്പർലെസ്ഓഫീസ്സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ആർ . ശെൽവരാജ്<br>ശ്രീ. വി. പി. സജീന്ദ്രൻ<br>ശ്രീ. എ . റ്റി. ജോർജ്<br>ശ്രീ. റ്റി എൻ. പ്രതാപൻ | ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്തെ സർക്കാർ ഓഫീസുകളിൽ പേപ്പർലെസ് ഓഫീസ് സംവിധാനം നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. ഇതിന്റെ ഭാഗമായി ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ വിവര സാങ്കേതിക വിദ്യ , ഉന്നത വിദ്യഭ്യാസം എന്നീ വകുപ്പുകളിൽ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം എന്ന പേരിൽ കെൽട്രോണിന്റെ സഹായത്തോടെ കടലാസ് രഹിത ഫയൽ സംവിധാനം ഉപയോഗിച്ചു വരുന്നു. ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റത്തിനു പകരം കേന്ദ്ര സർക്കാർ ഏജൻസിയായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്റർ വികസിപ്പിച്ച ഇ-ഓഫീസ്" സംവിധാനം ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം സെക്രട്ടേറിയറ്റിലെ വിവിധ വകുപ്പുകളിൽ ഉപയോഗിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ബി | പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും നേട്ടങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; | ബി | ഭരണ രംഗത്ത് സുതാര്യതയും കാര്യക്ഷമതയും ഉറപ്പുവരുത്തുന്നതിന് ഈ സംവിധാനം ഉപകരിക്കും. ഫയലുകളുടെ നീക്കം മേലുദ്യോഗസ്ഥർക്ക് എപ്പോൾ വേണമെങ്കിലും പരിശോധിക്കാനും കാലതാമസം ഒഴിവാക്കി തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയും എന്നത് പ്രസ്തുത സംവിധാനത്തിന്റെ സവിശേഷതയാണ്. |
| സി | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത സംവിധാനം നടപ്പാക്കാൻ സഹകരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | സി | കേന്ദ്ര സർക്കാർ ഏജൻസിയായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററാണ് "ഇ-ഓഫീസ് " നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക സഹായം നൽകിവരുന്നത്. |

സെക്ഷൻ ഓഫീസർ